പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3487 11-12-2018-ലെ മറുപടിയ്ക്ക്

## കർഷകർക്ക് ഉണ്ടായ നാശനഷ്ടങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.സി. ജോർജ്** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | പ്രളയക്കെടുതി മൂലം നാശനഷ്ടം സംഭവിച്ച എത്ര കർഷകർക്ക് നഷ്ടപരിഹാരം നൽകിക്കഴിഞ്ഞു ; ഇനി എത്ര പേർക്ക് നൽകുവാനുണ്ട് ; വിശദമാക്കുമോ ; | (എ) | മഹാപ്രളയത്തിൽ സംഭവിച്ച കൃഷി നാശത്തിന് നഷ്ടപരിഹാരം ആവശ്യപ്പെട്ട് ഇതുവരെ അപേക്ഷ സമർപ്പിച്ച 3,05,964 കർഷകരിൽ 232966 കർഷകർക്ക് SDRF ഫണ്ടിൽ നിന്നും 66.747 കോടി രൂപയുടെ ധനസഹായം നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്. ഇതിനുപുറമേ, സംസ്ഥാന വിഹിതമായി 218198 കർഷകർക്ക് 110.27 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. ചെളിമണ്ണ്, പാറ, മറ്റ് അവശിഷ്ടങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിനും ഉരുൾപൊട്ടൽ മൂലം കൃഷി ഭൂമി നഷ്ടപ്പെട്ടവർക്കും 525 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് അടിയന്തിരമായി ഇൻഷ്വറൻസ് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിച്ചു. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ 11867 കർഷകർക്ക് നഷ്ടപരിഹാരമായി 18.88 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. പ്രളയക്കെടുതികളുടെ ഭാഗമായി, കോട്ടയം, ആലപ്പുഴ ജില്ലകളിൽ പ്രധാൻമന്ത്രി ഫസൽ ഭീമ യോജന പ്രകാരം ഇൻഷ്വർ ചെയ്തത് കൃഷിയിറക്കിയതും വായ്പയെടുത്തിട്ടും വിളയിറക്കാൻ കഴിയാതിരുന്നതുമായ കർഷകർക്ക് നഷ്ടപരിഹാരമായി ഇൻഷ്വറൻസ് തുകയുടെ 25% നൽകുന്നതിന് സർക്കാർ തീരുമാനിച്ചു. |
| (ബി) | പ്രളയക്കെടുതി മൂലം വരുമാനം കുറഞ്ഞ കർഷകരുടെ വായ്പകൾ എഴുതി തള്ളുവാൻ ആവശ്യമായ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ | (ബി) | പ്രളയക്കെടുതി മൂലം ദുരിതത്തിലായ കർഷകർക്ക് ആശ്വാസം എത്തിക്കുന്നതിന്റെ ഭാഗമായി കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പകളും വിദ്യാഭ്യാസ വായ്പകളും ഉൾപ്പെടെയുള്ള |

| | | | |
|---|---|---|---|
| | വിശദമാക്കുമോ? | | എല്ലാത്തരം വായ്പകളിൻമേലുള്ള ജപ്തി നടപടികൾക്ക് 12.10.2018 മുതൽ ഒരു വർഷത്തേയ്ക്ക് മോറട്ടോറിയം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചു |

സെക്ഷൻ ഓഫീസർ